<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3609</u> <u>02-03-2023 - ൽ മറുപടിയ്ക്ക്</u>

<u>എൻഡോസൾഫാൻ ദുരിതബാധിതർക്കായി ചെലവഴിച്ചിട്ടുള്ള തുക</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഓരോന്നും ഇനം തിരിച്ച് വിശദമാക്കാമോ; | (എ) | മുൻ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2016 മുതൽ 2023 വരെയുള്ള വിവിധ സാമ്പത്തിക വർഷങ്ങളിലായി നാളിതുവരെ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആകെ **446,28,38,884/- രൂപ** ചെലവഴിച്ചിട്ടുണ്ട്.<br><br><u>പ്രസ്തുത തുകയുടെ ഇനം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു</u><br><br>എ) <u>കാസർഗോഡ് ജില്ലാ കളക്ടേറ്റ് മുഖാന്തിരം</u><br><br>1. ബഹു. സുപ്രീം കോടതി വിധിപ്രകാരം എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള 5,00,000/- രൂപയുടെ ധനസഹായം-<br><br>268,34,00,000/- രൂപ<br><br>2. വായ്പ എഴുതിതള്ളൽ പദ്ധതി- 5,62,38,884/- രൂപ<br><br>3. ചികിത്സാ ധനസഹായ പദ്ധതി- 95,00,00,000/- രൂപ (സ്റ്റേറ്റ് ഫണ്ട്)<br><br>ബി) <u>കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖാന്തിരം</u><br><br>1. സ്നേഹസാന്ത്വനം പ്രതിമാസ പെൻഷൻ പദ്ധതി- 70,21,00,000/- രൂപ<br><br>2. സ്പെഷ്യൽ ആശ്വാസകിരണം -എൻഡോസൾഫാൻ ദുരിതബാധിതരെ പരിചരിക്കുന്നവർക്കുള്ള പ്രതിമാസ ധനസഹായ പദ്ധതി- 5,04,00,000/-രൂപ<br><br>3. എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായ പദ്ധതി - 2,07,00,000/- രൂപ |
| (ബി) | പ്രസ്തുത ആവശ്യത്തിന് കേന്ദ്ര സർക്കാരിൽ നിന്നോ | (ബി) | എൻഡോസൾഫാൻ നിർമ്മാണ കമ്പനിയിൽ |

| | | | |
|---|---|---|---|
| | എൻഡോസൾഫാൻ കമ്പനിയിൽ നിന്നോ സർക്കാരിന് തുക ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | | നിന്നും പ്രസ്തുത ആവശ്യത്തിന് തുകയൊന്നും ലഭിച്ചിട്ടില്ല. 2011 മുതൽ 2022 വരെയുള്ള വിവിധ കാലയളവിൽ ദേശീയ ആരോഗ്യ ദൗത്യം (എൻ.എച്ച്.എം) കാഞ്ഞങ്ങാട് കാര്യാലയം മുഖേന എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സൗജന്യ ചികിത്സാ സഹായത്തിന് 28,43,65,000/- രൂപ മാത്രമാണ് കേന്ദ്ര സർക്കാരിന്റെ ധനസഹായമായി ലഭിച്ചിട്ടുള്ളത്.<br><br>എന്നാൽ 2016 മുതൽ 2023 വരെയുള്ള വിവിധ സാമ്പത്തിക വർഷങ്ങളിലായി നാളിതുവരെ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് കേരള സർക്കാർ വിവിധ ഇനങ്ങളിലായി ആകെ **446,28,38,884/- രൂപ** ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ